"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായ വകുപ്പ് - M/s Younus Cashew Industries ഉടമ എ യൂനസ് കുഞ്ഞ് ബഹു. നെടുമങ്ങാട് സബ് കോടതി മുൻപാകെ സമർപ്പിച്ച O.S No. 57/1996 –ലെ അപ്പീൽ പെറ്റീഷനുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് നഷ്ടപരിഹാരം നൽകുന്നതിന് കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 2024-25 സാമ്പത്തിക വർഷം "ജൈവകശുമാവ് കൃഷിയും കശുവണ്ടി ബാങ്ക് സ്ഥാപിക്കലും" എന്ന പദ്ധതിയ്ക്ക് 2852-08-600-90 (പി) ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 10 ലക്ഷം രൂപ നൽകുന്നതിന് ഭരണാനുമതിയും വിതരണാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.338/2024/ID തീയതി,തിരുവനന്തപുരം, 18-05-2024

---

പരാമർശം:-

1. അപ്പീൽ പെറ്റീഷൻ നം. 816/1999, 702/2000 എന്നിവയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 25/02/2014 തീയതിയിലെ വിധി ന്യായം.
2. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കാഷ്യു സ്പെഷ്യൽ ഓഫീസറുമായി 16/06/2023 -ന് നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്.
3. സ.ഉ. (സാധാ.) നം. 43/2024/വ്യവ. തീയതി 17/01/2024.
4. സ.ഉ. (സാധാ.) നം. 228/2024/വ്യവ. തീയതി 16/03/2024.
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 06/05/2024 തീയതിയിലെ DIC/1611/2024-F11 നമ്പർ കത്ത്.

**ഉത്തരവ്**

M/s Younus Cashew Industries ഉടമ എ യൂനസ് കുഞ്ഞിന്റെ ഉടമസ്ഥതയിൽ നെടുമങ്ങാടുണ്ടായിരുന്ന കശുവണ്ടി ഫാക്ടറിയിൽ നിന്നും 24/04/1987 -ൽ സ്പെഷ്യൽ തഹസിൽദാർ തോട്ടണ്ടി പിടിച്ചെടുത്ത സംഭവത്തിൽ നഷ്ടപരിഹാരം തേടി ഉടമ ബഹു. നെടുമങ്ങാട് സബ് കോടതി മുൻപാകെ O.S No. 57/1996 നമ്പർ സ്യൂട്ട് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ് പരിശോധിച്ച വിചാരണ കോടതി പരാതിക്കാരന് ₹ 53,090.55 രൂപ പലിശ സഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത വിധിയ്ക്കെതിരെ പരാതിക്കാരനും എതിർകക്ഷികളും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനുകളിൽ ₹2,35,072/- രൂപ പലിശ സഹിതം പരാതിക്കാരന് നൽകാൻ ബഹു. ഹൈക്കോടതി ഉത്തരവിട്ടു. ബഹു. ഹൈക്കോടതിയുടെ ടി ഉത്തരവ് പ്രകാരം പലിശ ഉൾപ്പെടെ ₹ 12,81,287/- രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് Decree Holders EA 17/2022 നമ്പർ Execution Application തുടർന്ന് ഫയൽ ചെയ്തു.

2) മേൽ സാഹചര്യത്തിൽ, പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി ബഹു. വ്യവസായ

വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം 2 പ്രകാരം നടന്ന യോഗത്തിൽ കാഷ്യു സ്പെഷ്യൽ ഓഫീസറും കാഷ്യു കോർപ്പറേഷൻ ചെയർമാനും ഇക്കാര്യത്തിൽ കോടതിയ്ക്ക് പുറത്ത് ഒത്തുതീർപ്പിനുള്ള സാധ്യത പരിശോധിക്കണമെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് പരേതനായ പരാതിക്കാരന്റെ അവകാശികളുമായി 22/06/2023 -ന് കാഷ്യു കോർപ്പറേഷൻ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, കാഷ്യു സ്പെഷ്യൽ ഓഫീസർ എന്നിവർ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടി കേസ് 10 ലക്ഷം രൂപയ്ക്ക് തീർപ്പാക്കാൻ തയ്യാറാണെന്ന് ഹർജിക്കാരന്റെ അവകാശികൾ അറിയിച്ചു. ഇതേ തുടർന്ന് കശുമാവ് കൃഷി വികസന ഏജൻസി ചെയർമാൻ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച്, ഏജൻസിക്ക് 2852-08-600-90 (പി) എന്ന ശീർഷകത്തിൽ "ജൈവ കശുമാവ് കൃഷിയും കശുവണ്ടി ബാങ്ക് സ്ഥാപിക്കലും" എന്ന പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും O.S No. 57/1996 -ൽ സെറ്റിൽമെന്റ് തുകയായി 10 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം ഭരണാനുമതിയും പരാമർശം 4 പ്രകാരം വിതരണാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

3) എന്നാൽ, സർക്കാരിന്റെ മേൽ പരാമർശ ഉത്തരവുകൾ പ്രകാരം 10 ലക്ഷം രൂപ പിൻവലിക്കുന്നതിന് 22/03/2024 -ലെ നടപടി പ്രകാരം ഉത്തരവ് നൽകിയിരുന്നെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാൽ ടി തുക ട്രഷറിയിൽ നിന്നും മാറി നൽകിയിരുന്നില്ലെന്നും 18/05/2024 നകം 10 ലക്ഷം രൂപ നെടുമങ്ങാട് സബ് കോടതിയിൽ നിക്ഷേപിക്കേണ്ടതുള്ളതിനാൽ കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 10 ലക്ഷം രൂപ ലഭിക്കുന്നതിനുള്ള ഉത്തരവ് അടിയന്തരമായി നൽകണമെന്നും പരാമർശം 5 പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) മേൽ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് "ജൈവകശുമാവ് കൃഷിയും കശുവണ്ടി ബാങ്ക് സ്ഥാപിക്കലും" എന്ന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം 2852-08-600-90 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും M/s Younus Cashew Industries ഉടമ എ യൂനസ് കുഞ്ഞ് ബഹ. നെടുമങ്ങാട് സബ്കോടതി മുൻപാകെ സമർപ്പിച്ച O.S No. 57/1996-മായി ബന്ധപ്പെട്ട് കോടതിക്ക് പുറത്തു നടത്തിയ ഒത്തുതീർപ്പ് നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി 10 ലക്ഷം രൂപ നൽകുന്നതിന് ഭരണാനുമതിയും വിതരണാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) മേൽ തുക പിൻവലിച്ച് കാഷ്യു സ്പെഷ്യൽ ഓഫീസിന് വിതരണം ചെയ്യുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർ/അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ (കാഷ്യു) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.
ഡയറക്ടർ/അഡീ. ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.

സബ് ട്രഷറി ഓഫീസർ, കൊല്ലം.

സി.ഇ.ഒ, കെ-ബിപ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (No: 2576417/PU-D3/169/2023-Fin Dated 01/05/2024)

പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ് (PLGEA-A2/268/2023-PLGEA (E-2624807)

ഓഫീസ് കോപ്പി (ഫയൽ നം. കെ2/182/2021/വ്യവ.)

<u>പകർപ്പ്:-</u> ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്

കാഷ്യു സെക്രട്ടറിയുടെ പി.എ -യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by

S Padmaja

സെക്ഷൻ ഓഫീസർ

Date: 18-05-2024 12:47:35